LIBRARY ARCHIVES Kerala Legislative Assembly

ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ്

9 (8279) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പണി പൂർത്തിയാക്കി മൂന്നു വർഷം കഴിഞ്ഞിട്ടും ടൂറിസം എയ്ഡ് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത എയ്ഡ് പോസ്റ്റ് പ്രവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ആഭ്യന്തര വകുപ്പ് ഒരു എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 5 ടൂറിസം പോലീസുകാരെ ടൂറിസം എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനത്തിനായി നിയമിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

10 (4270) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾക്കായി എത്ര തുക വീതം മാറ്റി വച്ചിരുന്നുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ :

(ബി) ഈ സർക്കാർ ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ വന്നശേഷം ഓരോ വർഷവും ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്ര വീതമാണെന്നും ഇതു വഴി ഓരോ വർഷവും സംസ്ഥാന ഖജനാവിന് ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ ;